## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3241** **23/03/2015 ൽ മറുപടിയ്ക്ക്**

### ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമുള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ | | വീണാ ജോർജ്ജ്<br>ആരോഗ്യ- വനിതാ-ശിശുവികസന വകുപ്പ് മന്ത്രി | |
| (എ) | ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം, പോഷകാഹാര വിതരണം, പകർച്ചവ്യാധികൾ തടയൽ തുടങ്ങിയവയ്ക്ക് സാമൂഹ്യനീതി വകുപ്പ് നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്നറിയിക്കുമോ; | (എ) | കുട്ടികൾക്ക് ആവശ്യമായതും ലഭ്യമായതുമായ ഊർജ്ജത്തിന്റേയും മാംസ്യത്തിന്റേയും കുറവ് പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ പൂരക പോഷകാഹാര വിതരണം അങ്കണവാടികൾ വഴി നൽകി വരുന്നു. ആയതിൽ 6 മാസം മുതൽ 3 വയസ്സു വരെ പ്രായമുള്ള കുട്ടികൾക്ക് കുടുംബശ്രീ മിഷൻ മുഖാന്തിരം അങ്കണവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തു വരുന്നു. ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (റ്റി.എച്ച്.ആർ.എസ്) പ്രകാരമാണ് പോഷകാഹാരം നൽകി വരുന്നത്. ഗോതമ്പ്, കടലപരിപ്പ്, കപ്പലണ്ടി, സോയാ, പഞ്ചസാര എന്നിവ ചേർത്ത മിശ്രിത പായ്ക്കറ്റായിട്ടാണ് ന്യൂട്രിമിക്സ് നൽകി വരുന്നത്. 135 ഗ്രാം ന്യൂട്രിമിക്സിൽ 500 ഗ്രാം കലോറിയും, 12-15 ഗ്രാം പ്രോട്ടീനും അടങ്ങിയിട്ടുണ്ട്. 3-നും 6 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് മോണിംഗ് സ്നാക്സ് ആയി പാലോ/കപ്പലണ്ടിയും ശർക്കരയും ചേർത്ത കപ്പലണ്ടി മിഠായിയും, നൂൺ ഫീഡിംഗിന് ഒരു കുട്ടിക്ക് അരി, പയർ, പച്ചക്കറി, condiments എന്നിവ ചേർത്ത് തയ്യാറാക്കിയ കഞ്ഞിയും നൽകി വരുന്നു. വൈകുന്നേരം ജനറൽ ഫീഡിംഗിന് സാധാരണ ഒരു കുട്ടിക്ക് നുറുക്ക് ഗോതമ്പ് പച്ചക്കറി ചേർത്ത് ഉപ്പുമാവ്/പായസം നൽകി വരുന്നു. ഗുരുതര പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് ആയത് |

| | | | |
|---|---|---|---|
| | | | ഇരട്ടി അളവിൽ നൽകി വരുന്നു. കൂടാതെ ആരോഗ്യ പരിപാലനത്തിന് ഗ്രോത്ത് മോണിറ്ററിംഗ്, ആരോഗ്യ പരിശോധന, ഇമ്മ്യൂണൈസേഷൻ, റഫറൽ സർവ്വീസ് എന്നിവയും അങ്കണവാടി കേന്ദ്രങ്ങൾ വഴി നൽകി വരുന്നു. |
| (ബി) | ഇത്തരത്തിലുള്ള ഓരോ പദ്ധതികൾക്കുമായി 2014-15 സാമ്പത്തിക വർഷം എത്ര തുക നീക്കിവച്ചിരുന്നു; ആയതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 1,0000 ലക്ഷം രൂപയിൽ കേന്ദ്രമാനദണ്ഡങ്ങൾക്ക് വിധേയമായി 45,34,99,962 രൂപ ചെലവഴിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകൃതാസൂത്രണ പദ്ധതിയെ തുടർന്ന് പൂരക പോഷകാഹാര പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതാണ്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എസ്.എൻ.പി-ക്ക് ആവശ്യമായ തുക നിർബന്ധമായും പദ്ധതി നിർവ്വഹണത്തിൽ വകകൊള്ളിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കുന്ന തുകയ്ക്ക് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി 50% റീഇമ്പേഴ്സ്മെന്റായി നൽകി വരുന്നു. |
| (സി) | ആറു വയസ്സിനു താഴെയുള്ള കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ, പീഡനങ്ങൾ തുടങ്ങിയവ നാൾക്കുനാൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | എങ്കിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ പീഡനത്തിനും അതിക്രമങ്ങൾക്കും വിധേയരായ കുട്ടികൾ എത്ര; ഇതിൽ മരണപ്പെട്ടവർ എത്ര; ഇവരിൽ സർക്കാർ സഹായത്തോടെ പുനരധിവസിപ്പിക്കപ്പെട്ടവർ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | 2011-2012 സാമ്പത്തിക വർഷത്തിൽ നിർഭയ സെൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തിലാണ് നിർഭയ സെൽ പ്രവർത്തനം ആരംഭിച്ചത്. ആയതിൻ പ്രകാരം 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ നിർഭയ സെല്ലിന് കീഴിലെ ഹോമുകളിൽ താമസിച്ച് വന്നിരുന്ന പീഡനത്തിനും അതിക്രമങ്ങൾക്കും വിധേയരായ കുട്ടികൾ അതിൽ മരണപ്പെട്ടവർ സർക്കാർ സഹായത്തോടെ പുനരധിവസിക്കപ്പെട്ടവർ എന്നിവരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത കാലയളവുകളിൽ പോഷകാഹാരക്കുറവുമൂലവും പകർച്ചവ്യാധിമൂലവും മരണപ്പെട്ട കുട്ടികൾ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ഇ) | ബാധകമല്ല |
| (എഫ്) | അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരകളായ കുട്ടികളുടെ കേസ്സുകളിൽ എത്ര കേസ്സുകളിൽ ഇനിയും പ്രതികളെ കണ്ടെത്തുവാനുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എഫ്) | അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരകളായ കുട്ടികളുടെ കേസ്സുകളിൽ ഉൾപ്പെട്ട എല്ലാ പ്രതികളെയും കണ്ടെത്തിയിട്ടുണ്ട്. |
| (ജി) | പീഡനങ്ങൾക്കും അതിക്രമങ്ങൾക്കും വിധേയരായ കുട്ടികൾക്ക് മാതാപിതാക്കളിൽ നിന്നും മാതാപിതാക്കളുടെ കുടുംബങ്ങളിൽ നിന്നും സുരക്ഷ ഉറപ്പില്ലാത്ത കേസ്സുകളിൽ കുട്ടികളെ സാമൂഹ്യനീതി വകുപ്പിന്റെ സംരക്ഷണയിൽ വളർത്തുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ജി) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ചിൽഡ്രൻസ് ഹോമുകൾ വഴി ഇത്തരം കുട്ടികൾക്കും ശ്രദ്ധയും സംരക്ഷണവും നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 1**

| ക്രമ നം | ജില്ല | 2011-12 | 2012-13 | 2013-14 | 2014-15 | ആകെ | പുനരധിവസിപ്പിച്ചവരുടെ എണ്ണം | മരണപ്പെട്ടവർ |
|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 15 | 40 | 45 | 132 | 132 | 0 |
| 2 | ഇടുക്കി | 0 | 0 | 0 | 22 | 22 | 22 | 0 |
| 3 | പാലക്കാട് | 0 | 0 | 0 | 11 | 11 | 11 | 0 |
| 4 | മലപ്പുറം | 0 | 0 | 0 | 31 | 31 | 31 | 0 |
| 5 | കോഴിക്കോട് | 0 | 0 | 0 | 19 | 19 | 19 | 0 |
| 6 | വയനാട് | 0 | 0 | 0 | 13 | 13 | 13 | 0 |
| 7 | കാസർഗോഡ് | 0 | 0 | 0 | 26 | 26 | 26 | 0 |

സെക്ഷൻ ഓഫീസർ